Draft #2 of File 168836/AD A7-2/2021/AD A 7 Approved by ASSISTANT REGISTRAR VII (ADMIN) on 03-Dec-2021 11:27 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ ഇന്റർ സ്കൂൾ/ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം - കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 6651/AD A 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2021

*പരാമർശം:*-1.20.11.2021 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം.നം.OA 25/21.05

**ഉത്തരവ്**

സർവ്വകലാശാലയിലെ അന്തർ സ്കൂൾ/അന്തർ യൂണിവേഴ്സിറ്റി കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മേൽ നോട്ടം ഫലപ്രദമാക്കുന്നതിനുമായി താഴെപ്പറയുന്ന ശിപാർശകൾ അംഗീകരിക്കുവാൻ സർവകലാശാല സിൻഡിക്കേറ്റ് പരാമർശം(1) പ്രകാരം തീരുമാനിച്ചു.

1. നിലവിൽ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ള അന്തർ സ്കൂൾ കേന്ദ്രങ്ങളും സംസ്ഥാന സർക്കാർ സ്ഥാപിതങ്ങളായ അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളും പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി നിർമ്മിച്ചിട്ടുള്ള "കൺവർജൻസ് അക്കാദമിയ കോംപ്ലെക്സിലേക്ക്" മാറ്റി അതത് കേന്ദ്രങ്ങൾക്കായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് പ്രവർത്തനമാരംഭിക്കേണ്ടതാണ്. ഇതിനായി നിലവിൽ ടി സെൻററുകളുടെ പ്രവർത്തനത്തിനായി പഠന വകുപ്പുകളിൽ ഉപയോഗിച്ചു വരുന്ന ഫർണിച്ചറുകളും മറ്റുപകരണങ്ങളും പുതിയ സ്ഥലത്തേക്ക് മാറ്റേണ്ടതാണ്.
2. സർവ്വകലാശാല ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലേക്ക് എല്ലാ കേന്ദ്രങ്ങളും മാറ്റി പ്രവർത്തനമാരംഭിക്കുന്ന മുറക്ക്, പ്രസ്തുത കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി 'ഡയറക്ടർ ഇൻ ചാർജ് ഓഫ് കൺവർജൻസ് സെന്റേഴ്സിനെ'നിയോഗിക്കാവുന്നതാണ്.അന്തർ സ്കൂൾ/അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളുടെ ഓണററി ഡയറക്ടറുമാരിൽ നിന്നും ഒരാളെ, രണ്ടു വർഷ കാലാവധി നിർണ്ണയിച്ച് റൊട്ടേഷൻ വ്യവസ്ഥയിൽ 'ഡയറക്ടർ ഇൻ ചാർജ് ഓഫ് കൺവർജൻസ് സെന്റേഴ്സ് 'ആയി നിയോഗിക്കാവുന്നതാണ്.
3. എല്ലാ അന്തർ സ്കൂൾ/അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾക്കും കൂടി പൊതുവായി ഒരു അഡ്മിനിസ്ട്രേറ്റീവ് സെക്ഷൻ രൂപീകരിക്കേണ്ടതും ഇതിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറേയും മൂന്ന് അസ്സിസ്റ്റന്റ്മാരെയും നിയോഗിക്കാവുന്നതുമാണ്.ഇവരുടെ മേൽനോട്ടാധികാരം'ഡയറക്ടർ ഇൻ ചാർജ് ഓഫ് കൺവർജൻസ് സെന്റേഴ്സി'നായിരിക്കും.
4. അന്തർ സ്കൂൾ/അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളുടെയും സർവ്വകലാശാല/സർക്കാർ ഫണ്ട് ധനവിനിയോഗം സംബന്ധിച്ച് ആഭ്യന്തര ഓഡിറ്റ് നടത്തുന്നതിനു ഇന്റേർണൽ ഓഡിറ്റ് -1 സെക്ഷനെ നിയോഗിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് മൂന്നു മാസക്കാലയളവിനുള്ളിൽ സിൻഡിക്കേറ്റിന് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.
5. നിലവിൽ ഗവേണിംഗ് കൗൺസിൽ ഇല്ലാത്ത എല്ലാ അന്തർസർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കേന്ദ്രങ്ങൾക്കും ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്നതിനു സർക്കാരിലേക്ക് കത്തയക്കുന്നതിനു വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

6. എല്ലാ അന്തർ സ്കൂൾ എക്സിക്യൂട്ടീവ് സമിതി തീരുമാനങ്ങളും തൊട്ടടുത്ത സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.എക്സിക്യൂട്ടീവ് സമിതിയുടെ സ്റ്റാഫ്,ഫിനാൻസ് എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ സിൻഡിക്കേറ്റിന്റെ അനുമതി ലഭ്യമായാൽ മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ.
7. അന്തർ സ്കൂൾ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി വിശദമായ റെഗുലേഷൻ തയ്യാറാക്കുന്നതിനു സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.റെജി സക്കറിയ,ഡോ.ബാബു മൈക്കിൾ,ഡോ.ഷാജിലാബീവി,ഡോ.എ.ജോസ്, പ്രൊഫ.എം .എച്ച് ഇല്ല്യാസ് എന്നിവരുൾപ്പെടുന്ന സമിതിയെ നിയോഗിക്കുന്നതിനും തീരുമാനിച്ചു.
8. അന്തർ സ്കൂൾ/അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്കായി ഫീഡ് ബാക്ക് ഫോം ലഭ്യമാക്കി ഇത് ക്രോഡീകരിച്ച് വിശദമായ റിപ്പോർട്ട് സിൻഡിക്കേറ്റിനു സമർപ്പിക്കുന്നതിനു കേന്ദ്രത്തിന്റെ ഓണററി ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലായി വി ജി

അസിസ്റ്റന്റ് രജിസ്ട്രാർ 7 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട വ്യക്തികൾ / ഇന്റർ സ്കൂൾ/ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഓണററി ഡയറക്ടർമാർ
2. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി. എ.
4. ജോയിന്റ് രജിസ്ട്രാർ-1 (ഭ. വി.) / അസിസ്റ്റന്റ് രജിസ്ട്രാർ-VII(ഭ. വി.)
5. ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി.
6. ഫിനാൻസ് 1/4, ഓഡിറ്റ് 1/5 , എസി എ12 / ഇന്റേർണൽ ഓഡിറ്റ് 1
7. റെക്കോഡ്സ് / കണ്ടന്റ് മാനേജ്മെന്റ്/എ സി സി 1 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 168836/AD A7-2/2021/AD A 7 Approved by ASSISTANT REGISTRAR VII (ADMIN) on 03-Dec-2021 11:27 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം